## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 628 06.02.2013 ലെ മറുപടിയ്ക്ക്

## കേരള സംസ്ഥാന ഭാഗ്യക്കുറി

**ചോദ്യം**

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി
ശ്രീ. ഐ.സി. ബാലകൃഷ്ണൻ
ശ്രീ. എ.റ്റി. ജോർജ്
ശ്രീ. വി.പി. സജീന്ദ്രൻ

**ഉത്തരം**

ശ്രീ. കെ.എം. മാണി
(ധനകാര്യവും ഭവനനിർമ്മാണവും
നിയമവും വകുപ്പുമന്ത്രി)

| | | |
|---|---|---|
| (എ) | ഈ സർക്കാർ ഭാഗ്യക്കുറി വകുപ്പിനെ മഹത്തായ ജീവകാരുണ്യ പ്രസ്ഥാനമാക്കി മാറ്റുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ ; | കാരുണ്യ ഭാഗ്യക്കുറിയിൽ നിന്ന് ലഭിക്കുന്ന ലാഭം ഉപയോഗിച്ച് നിർദ്ധന വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായം നൽകുന്നതിനായി കാരുണ്യ ബെനവലന്റ് ഫണ്ട് എന്ന പദ്ധതി ആരംഭിച്ചു. ഹൃദയം, വൃക്ക, തലച്ചോർ,കരൾ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ രോഗികൾക്കാണ് ധനസഹായം നൽകി വരുന്നത് ഇന്ത്യയിലെ തന്നെ ആദ്യത്തെ അനുകരണീയമായ ഒരു ജീവകാരുണ്യ പദ്ധതിയാണ്. |
| (ബി) | ഏതെല്ലാം ഭാഗ്യക്കുറികളാണ് ഇതിനായി തുടങ്ങിയിട്ടുള്ളത് ; വ്യക്തമാക്കുമോ; | ശനിയാഴ്ചതോറും നറുക്കെടുക്കുന്ന കാരുണ്യ ഭാഗ്യക്കുറിയിൽ നിന്നുള്ള ലാഭമാണ് കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയ്ക്കായി വിനിയോഗിക്കുന്നത്. |
| (സി) | ലോട്ടറിയുടെ ഘടനയിലും സമ്മാനത്തുകയിലും എന്തെല്ലാം മാറ്റങ്ങൾ വരുത്തുകയുണ്ടായി. വിശദമാക്കുമോ; | ഈ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് നിലവിലുണ്ടായിരുന്ന വിൻ-വിൻ ഭാഗ്യക്കുറിയുടെ 7 പരമ്പരകളിലായി 63 ലക്ഷം ടിക്കറ്റുകൾ അച്ചടിച്ച് വിൽപ്പന നടത്തിയിരുന്നു. എല്ലാ ദിവസവും ഭാഗ്യക്കുറികൾ പുനരാരംഭിച്ച സാഹചര്യത്തിൽ വിൻവിൻ ഭാഗ്യക്കുറിയുടെ, 5 പരമ്പരകളിലായി 25 |

| | | |
|---|---|---|
| | | ലക്ഷം ടിക്കറ്റുകൾ അച്ചടിയ്ക്കത്തക്ക വിധത്തിൽ സമ്മാന ഘടന പരിഷ്കരിച്ചു. 20/- രൂപ മുഖവിലയുള്ള ഭാഗ്യക്കുറികൾ പരമാവധി 25 ലക്ഷം ടിക്കറ്റുകളും, 40/- , 50/- രൂപ മുഖവിലയുള്ള ടിക്കറ്റുകൾ പരമാവധി 20 ലക്ഷം ടിക്കറ്റുകളും, 5 പരമ്പരകളിലായി അച്ചടിക്കത്തക്ക വിധം സമ്മാന ഘടന ആവിഷ്കരിച്ചു. ഡിസ്കൗണ്ട് നിരക്ക് 2 സ്ലാബുകളിലായി 10,000 ടിക്കറ്റുകൾ വരെ 25% ,10,000 ടിക്കറ്റിന് മുകളിൽ 27% നിരക്കുകളിലായി നൽകി. 20/- രൂപ മുഖവിലയുള്ള ഭാഗ്യക്കുറികളുടെ ഡിമാന്റ് വർദ്ധിച്ച സാഹചര്യത്തിൽ 45 ലക്ഷം ടിക്കറ്റുകൾ അച്ചടിയ്ക്കത്തകവിധം സമ്മാന ഘടന പരിഷ്കരിക്കുകയും നിലവിൽ 45 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കുകയും ചെയ്യുന്നു. 40/- രൂപ , 50/- രൂപ മുഖവിലയുള്ള ഭാഗ്യക്കുറികൾ നിലവിൽ 22.5 ലക്ഷം ടിക്കറ്റുകൾ അച്ചടിയ്ക്കുന്നു. ജൂലൈ 2012 മുതൽ 5000 രൂപയുടെ സമ്മാനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയും ഡിസ്കൗണ്ട് 20/- രൂപ വിലയുള്ള ഭാഗ്യക്കുറികളിൽ 26%, 28% എന്നീ നിരക്കുകളിലും, 40/-, 50/- രൂപ വിലയുള്ള ഭാഗ്യക്കുറികൾക്ക് 28%, 30% എന്നീ നിരക്കുകളിലും വർദ്ധിപ്പിക്കുകയും ചെയ്തു. എല്ലാ ദിവസവും ഭാഗ്യക്കുറികൾ ആരംഭിച്ചപ്പോൾ സമ്മാനത്തുക ശരാശരി 2.4 കോടി രൂപയായിരുന്നു. നിലവിൽ 41% മുതൽ 46% വരെ വിവിധ ഭാഗ്യക്കുറികളിൽ സമ്മാനത്തുക നൽകുന്നു. |
| (ഡി) | ലോട്ടറിയിൽ നിന്നുള്ള വരുമാനം ഏതെല്ലാം കാരുണ്യ പ്രവർത്തനങ്ങൾക്കായാണ് വിനിയോഗിച്ചിട്ടുള്ളത്; വിശദമാക്കുമോ? | കാരുണ്യ ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാനം ക്യാൻസർ, വൃക്ക, തലച്ചോർ, ഹൃദയം, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ,ശ്വാസകോശ രോഗങ്ങൾ, നട്ടെല്ലിന്റെ ക്ഷതം എന്നിവയ്ക്ക് അസുഖമുള്ള നിർദ്ധന വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് ചികിത്സാ ധനസഹായം നൽകാൻ വിനിയോഗിക്കുന്നു. |

സെക്ഷൻ ഓഫീസർ